# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കേന്ദ്ര സർക്കാർ ഇന്ന് സംയുക്ത പാർലമെന്ററി സമിതിക്ക് വിടും.**

**Government will refer the Bills related to One Nation One Election to the Joint Parliamentary Committee today.**

2). **ദേശസുരക്ഷയുമായി ബന്ധപ്പെട്ട ഉന്നതതലയോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ.**

**Union Home Minister Amit Shah will chair a high-level security meeting in New Delhi today.**

3) **ഇന്ത്യ - ചൈന അതിർത്തി വിഷയങ്ങളിൽ ക്രിയാത്മക നടപടികൾ കൈക്കൊള്ളുന്നതിനുള്ള ഏറ്റവും പുതിയ കരാറിനെ സ്വാഗതം ചെയ്ത് യു.എൻ.**

**UN welcomes the latest agreement between India and China to improve relations between them.**

4). **ഇടുക്കി - തങ്കമണിയിൽ വ്യാപാരശാലയിൽ സൂക്ഷിച്ചിരുന്ന ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിച്ച് വൻ തീപിടുത്തം.**

**In Idukki major fire broke out after gas cylinders kept in a shop in Thangamani exploded.**

5). **ഡോൾഫിൻ ടാഗിംഗ് ആദ്യമായി നടത്തി വന്യജീവി സംരക്ഷണത്തിൽ ചരിത്ര നേട്ടം കുറിച്ച് ഇന്ത്യ.**

**India marked a historic achievement in wildlife conservation by conducting first ever Ganges river dolphin tagging.**

6). ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിത ടി-20 പരമ്പരയിലെ അവസാന മത്സരം ഇന്ന്. സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് കേരളം - ഒഡീഷ പോരാട്ടം.

**The final match of the T20 International series between India and West Indies will take place today. In Santosh Trophy football Kerala will face Odisha today.**

==========================================

## JPC ONE NATION ONE ELECTION

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കേന്ദ്ര സർക്കാർ ഇന്ന് സംയുക്ത പാർലമെൻ്ററി സമിതിക്ക് കൈമാറും. 21 ലോക്സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളും ഉൾപ്പെടെ 31 പാർലമെന്റംഗങ്ങൾ അടങ്ങുന്നതാണ് നിർദ്ദിഷ്ട സമിതി. ബിജെപി നേതാക്കളായ പി.പി ചൗധരി, അനുരാഗ് സിംഗ് ഠാക്കൂർ, പർഷോത്തം രൂപാല, കോൺഗ്രസ് നേതാക്കളായ പ്രിയങ്ക ഗാന്ധി, മനീഷ് തിവാരി, ടി.എം.സിയുടെ കല്യാണ് ബാനർജി, എൻസിപി (എസ്പി) യുടെ സുപ്രിയ സുലെ എന്നിവരും ഉൾപ്പെടുന്നു.

==========================================

## JPC WAQF

വഖഫ് (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട സംയുക്ത പാർലമെൻററി കമ്മിറ്റി യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ലോക്സഭാ എം പി ജഗദാംബിക പാലിന്റെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. ബിൽ സംബന്ധിച്ച് ഓൾ ഇന്ത്യ ഷിയ പേഴ്സണൽ ലോ ബോർഡ് അഭിപ്രായങ്ങളും നിർദേശങ്ങളും കമ്മറ്റി മുൻപാകെ അവതരിപ്പിച്ചു. നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നിന്നുള്ളവരിൽ നിന്ന് ജെ പി സി അഭിപ്രായങ്ങൾ ശേഖരിക്കും. രാജ്യത്തുടനീളമുള്ള വഖഫ് സ്വത്തുക്കളുടെ മാനേജ്മെന്റും നിയന്ത്രണവും പരിഷ്കരിക്കുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്.

==========================================

**ASHWINI CONGRESS**

ഡോ . BR അംബേദ്കറിനെതിരെ വീണ്ടും വ്യാജവാർത്ത സൃഷ്ടിക്കാൻ കോൺഗ്രസ് ശ്രമിക്കുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. 40 വർഷം ഡോ . അംബേദ്കറിന് ഭാരതരത്ന നിഷേധിച്ച കോൺഗ്രസ് പാർലമെൻററിൻറെ സെൻറർ ഹാളിൽ അംബേദ്കറെ ആദരിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു.

==========================================

**AMIT SHAH-J K MEETING**

സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ ഉന്നതതല സുരക്ഷാ യോഗം ചേരും. ജമ്മു കശ്മീരിലെ സ്ഥിതിഗതികൾക്ക് പ്രത്യേക ഊന്നൽ നൽകി, നിർണായക സുരക്ഷാ വിഷയങ്ങളും യോഗം ചർച്ച ചെയ്യും. ജമ്മു കശ്മീരിലെ സമാധാനവും സ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള മാർഗങ്ങൾ അവലോകനം ചെയ്യാൻ ലക്ഷ്യമിടുന്ന യോഗത്തിൽ ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും പങ്കെടുക്കും.

==========================================

**GEORGE KURIAN**

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഏറ്റവും സുരക്ഷിതമായ രാജ്യം ഇന്ത്യയാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ന്യൂനപക്ഷ അവകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വസുധൈവ കുടുംബകം എന്ന ഇന്ത്യൻ സംസ്കാരം രാജ്യത്തെ എല്ലാവർക്കും തുല്യ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുന്നതായും ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു.

==========================================

**OM BIRLA - (INTRO)**

കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളി നേരിടാൻ വികസനവും സുസ്ഥിരതയും സന്തുലിതമാക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പാർലമെൻ്റ് ഹൗസ് കോംപ്ലക്സിൽ ഇന്ത്യൻ ഫോറസ്റ്റ് സർവീസിലെ ഓഫീസർ ട്രെയിനികൾക്കുള്ള പരിശീലന പരിപാടി

ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനം ഏറ്റവും വലിയ വെല്ലുവിളിയാണെന്നും മിഷൻ ലൈഫിനൊപ്പം ഇത് നേരിടുന്നതിൽ ഇന്ത്യ മുന്നിലാണെന്നും ശ്രീ. ബിർള പറഞ്ഞു.

**(HOLD VOICE.......................... )**

==========================================

## MUMBAI BOAT TRAGEDY

മുംബൈയിൽ യാത്ര ബോട്ട് അപകടത്തിൽ 13 മരണം. മരിച്ചവരിൽ 10 പേർ സാധാരണക്കാരും 3 പേർ നാവിക ഉദ്യോഗസ്ഥരുമായിരുന്നുവെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവീസ് അറിയിച്ചു. 2 പേരുടെ നില അതീവ ഗുരുതരമാണ്. അമിത വേഗത്തിലായിരുന്ന നാവിക സേനയുടെ ബോട്ട് യാത്രാ ബോട്ടുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായതെന്ന് ശ്രീ ഫഡ്നവീസ് മാധ്യമങ്ങളെ അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 5 ലക്ഷം രൂപ വീതം ധനസഹായം നൽകും. മുംബൈ ബോട്ടപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് അൻപതിനായിരം രൂപ വീതവും നൽകും.

==========================================

## DOLPHIN TAGGING

ആദ്യമായി ഡോൾഫിൻ ടാഗിംഗ് നടത്തി വന്യജീവി സംരക്ഷണത്തിൽ ചരിത്ര നേട്ടം കുറിച്ചു ഇന്ത്യ. പ്രോജക്ട് ഡോൾഫിൻ്റെ പുരോഗതി വിലയിരുത്തുന്നതിൻറെ ഭാഗമായാണ് അസമിൽ ആദ്യമായി ഗംഗാ ഡോൾഫിൻ ടാഗിംഗ് നടത്തിയത്. ജീവിവർഗങ്ങളുടെ ആദ്യ ടാഗിംഗാണ് ഇതെന്ന് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചു.

==========================================

## PUNJAB FARMERS

പഞ്ചാബിൽ, ഫിറോസ്പൂർ റെയിൽവേ ഡിവിഷന്റെ കീഴിലുള്ള 52 സ്ഥലങ്ങളിൽ കർഷകർ ട്രെയിൻ തടഞ്ഞു. കർഷകർ നടത്തുന്ന 'റെയിൽ രോക്കോ' പ്രതിഷേധത്തിൻ്റെ ഭാഗമായാണ് ട്രെയിൻ തടയൽ സമരം നടന്നത്. വിളകളുടെ കുറഞ്ഞ താങ്ങുവിലയ്ക്ക് നിയമപരമായ ഉറപ്പ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

==================================================

## GUJARAT – MASALI VILLAGE

രാജ്യത്തെ ആദ്യ സമ്പൂർണ്ണ സൗരോർജ്ജ ഗ്രാമമായി ഗുജറാത്തിലെ ബനസ്കന്ത ജില്ലയിലെ മസാലി ഗ്രാമം. 800 പേർ താമസിക്കുന്ന മസാലി ഗ്രാമത്തിലെ 119 വീടുകളിൽ പ്രധാനമന്ത്രി സൂര്യഘർ യോജനയ്ക്ക് കീഴിൽ, സോളാർ മേൽക്കൂര സ്ഥാപിച്ചു. ഈ വീടുകളിലെല്ലാം 225 കിലോവാട്ടിലധികം വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. പാകിസ്ഥാൻ അതിർത്തിയിൽ നിന്ന് 40 കിലോമീറ്റർ അകലെയാണ് മസാലി ഗ്രാമം.

==================================================

## ബ്രേക്ക്....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==================================================

## PM KUWAIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 21, 22 തീയതികളിൽ കുവൈറ്റ് സന്ദർശിക്കും. കുവൈറ്റ് അമീറിൻ്റെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. 43 വർഷത്തിനിടെ, ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്.

==================================================

## AJIT DOVAL – CHINA MEETING

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ചൈനീസ് വിദേശകാര്യമന്ത്രി വാങ്-യിയുമായി ബീജിംഗിൽ ഇന്നലെ കൂടിക്കാഴ്ച നടത്തി. കിഴക്കൻ ലഡാക്കിൽ നാല് വർഷത്തിലേറെയായി

മരവിപ്പിച്ചിരുന്ന ഉഭയകക്ഷി ബന്ധങ്ങൾ പുനഃസ്ഥാപിക്കുക, യഥാർത്ഥ നിയന്ത്രണ രേഖയിൽ സമാധാനം നിലനിർത്തുക തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

===========================================

**GUTERRES-INDIA-CHINA**

ഇന്ത്യ - ചൈന ബന്ധം മെച്ചപ്പെടുത്തുന്നതിനും അതിർത്തി പ്രശ്നങ്ങളിൽ ക്രിയാത്മക നടപടികൾ കൈക്കൊള്ളുന്നതിനുമുള്ള ഏറ്റവും പുതിയ കരാറിനെ യു.എൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസ് സ്വാഗതം ചെയ്തു. ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും ചൈനയുടെ വിദേശകാര്യ മന്ത്രി വാങ് യിയും ബീജിംഗിൽ നടത്തിയ പ്രത്യേക യോഗത്തിൻറെ പശ്ചാതലത്തിലാണ് പ്രതികരണം.

===========================================

**IFFK - (INTRO)**

വർണവിസ്മയങ്ങളുമായി 29 -ാത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഏഴാം ദിനം. ഭ്രമയുഗം, ഫയർ, അവെർനോ എന്നിവയുൾപ്പെടെ 68 ചിത്രങ്ങളുടെ പ്രദർശനം ഇന്ന് നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

**(VOICE..................)**

ചലച്ചിത്രമേള നാളെ സമാപിക്കും.

===========================================

**INDIA-WEST INDIES T20I**

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നവി മുംബൈയിലെ ഡി വൈ പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ നടക്കും. ഇന്ത്യൻ സമയം വൈകുന്നേരം 7 മണിയ്ക്കാണ് മത്സരം. ഓരോ കളികൾ ജയിച്ച് ഇരു ടീമുകളും 1-1 ന് സമനിലയിലാണ്.

===========================================

**SANTHOSH TROPHY**

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഒഡിഷയെ നേരിടും. രാവിലെ 9 മണിക്ക് ഹൈദരാബാദിലാണ് മത്സരം. നിലവിൽ ആറ് പോയിൻറുമായി കേരളം രണ്ടാം സ്ഥാനത്താണ്.

===============================================

**IDUKKI – FIRE**

ഇടുക്കി തങ്കമണിയിൽ വൻ തീപിടുത്തം. വ്യാപാരശാലയിൽ സൂക്ഷിച്ചിരുന്ന 12- ഓളം ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിച്ചാണ് തീപിടിത്തമുണ്ടായത്. കെട്ടിടം പൂർണമായും കത്തിനശിച്ചു. സമീപത്തെ കെട്ടിടങ്ങൾക്കും നാശനഷ്ടമുണ്ടായി. ഷോർട് സെർക്യൂട്ട് ആണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.

===============================================

**PATHANAMTHITTA – OBIT**

പത്തനംതിട്ട കോന്നി അപകടത്തിൽ മരിച്ചവർക്ക് വിട നൽകാൻ ഒരുങ്ങി ജന്മ നാട്. നാല് പേരുടേയും സംസ്കാരം ഇന്ന് കോന്നി മല്ലശേരി പൂങ്കാവ് സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ നടക്കും. മത്തായി ഈപ്പൻ, മകൻ നിഖിൽ, മരുമകൾ അനു, അനുവിൻറെ പിതാവ് പുത്തൻവിള കിഴക്കേതിൽ ബിജു പി. ജോർജ് എന്നിവരാണ് അപകടത്തിൽ മരിച്ചത്. രാവിലെ വീടുകളിലെ അന്ത്യശുശ്രൂഷകൾക്ക് ശേഷം ഉച്ചയ്ക്ക് പള്ളിയിൽ പൊതുദർശനത്തിനു വയ്ക്കും.

===============================================

**OBIT**

ആകാശവാണി തൃശൂർ പ്രോഗ്രാം മേധാവി എം. ബാലകൃഷ്ണൻ, അന്തരിച്ചു. 58 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് പുലർച്ചെ രണ്ടിനായിരുന്നു അന്ത്യം. സംസ്കാരം തിരുവല്ലാമല ഐവർമഠത്തിൽ ഇന്നുച്ചയ്ക്ക് 12 മണിക്ക് നടക്കും. 90 കളിൽ ആകാശവാണിയിൽ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്നരീതിയിൽ പ്രോഗ്രാമുകൾ കൊണ്ടുവന്നത് എം. ബാലകൃഷ്ണൻറെ നേതൃത്വത്തിലായിരുന്നു .

===============================================